# കേരള സർവകലാശാല

നം. പി.ആർ.128/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### നാലാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി ഫലം

ജൂലൈ 2017 ൽ നടന്ന നാലാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി (2013, 2008 സ്കീം),മെഴ്സി ചാൻസ് (2003 സ്കീം) ഡിഗ്രി പരീക്ഷകളുടെ ഫലം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. (www.keralauniversity.ac.in)

### ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി പ്രാക്ടിക്കൽ വൈവ പരീക്ഷ

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്, ബി.എസ്.സി, ഫിസിക്സ്, മൈക്രോബയോളജി, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കലും വൈവ വോസിയും ജൂൺ 8 മുതൽ 19 വരെ ഉള്ള തീയതികളിൽ അതാതു കോളേജുകളിൽ വച്ചു നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്.

### ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്,ബി.എസ്.സി സൈക്കോളജി

ജൂൺ 11-ാം തീയതി നടത്താനിരുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്,ബി.എസ്.സി സൈക്കോളജി പ്രോജക്ട് വൈവ വോസി 13-ാം തീയതി അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

### ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷ

മാർച്ച്/ഏപ്രിൽ 2018 ൽ നടന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് ഡിഗ്രി (റെഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 11 മുതൽ കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## നാലാം സെമസ്റ്റർ എം.എഡ്.സ്പെഷ്യൽ എഡ്യൂക്കേഷൻ പരീക്ഷ 2015 സ്കീം

ജൂൺ 27-ാം തീയതിയിൽ നടത്തുന്ന നാലാം സെമസ്റ്റർ എം.എഡ്.സ്പെഷ്യൽ എഡ്യൂക്കേഷൻ(MR/ID)2015 സ്കീം (2016-18 ബാച്ച്) പ്രാക്ടിക്കൽ പരീക്ഷയുടേയും വാചാപരീക്ഷയുടേയും ഫീസ് പിഴയില്ലാതെ ജൂൺ11 വരെയും, അമ്പതു രൂപ പിഴയോടു കൂടി ജൂൺ13 വരെയും, നൂറ്റി ഇരുപത്തിയഞ്ചു രൂപ പിഴയോടുകൂടി ജൂൺ18 വരെയും അടയ്ക്കാവുന്നതാണ്.

## എട്ടാം സെമസ്റ്റർ ബി.എഫ്.എ (എച്ച്.ഐ)പരീക്ഷ

എട്ടാം സെമസ്റ്റർ ബി.എഫ്.എ (എച്ച്.ഐ) (ന്യൂ സ്കീം, ഓൾഡ് സ്കീം-സപ്ലിമെന്ററി)പരീക്ഷകൾ ജൂൺ 28 ന് ആരംഭിക്കുന്നതാണ്.

പിഴ കൂടാതെ ജൂൺ 13 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 16 വരെയും 125 രൂപ പിഴയോടു കൂടി ജൂൺ 19 വരെയും അപേക്ഷിക്കാവുന്നതാണ്.

## ജർമ്മൻ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് പരീക്ഷ

ഡിപ്ലോമ ഇൻ ജർമ്മൻ, സർട്ടിഫിക്കറ്റ് ഇൻ ജർമ്മൻ പരീക്ഷകൾ ജൂൺ 25ന് ആരംഭിക്കുന്നതാണ്. പിഴകൂടാതെ ജൂൺ 13 വരെയും 50 രൂപ പിഴയോടു കൂടി ജൂൺ 16 വരെയും 125 രൂപ പിഴയോടു കൂടി ജൂൺ 18 വരെയും അപേക്ഷിക്കാവുന്നതാണ്.

## എൽ.എൽ.ബി നാലാം സെമസ്റ്റർ (ത്രിവത്സരം) എട്ടാം സെമസ്റ്റർ (പഞ്ചവത്സരം) പരീക്ഷ

ജൂൺ27 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ (ത്രിവത്സരം) & എട്ടാം സെമസ്റ്റർ (പഞ്ചവത്സരം) (prior to 2011-12 Admns) എൽ.എൽ.ബി മേഴ്സി ചാൻസ് പരീക്ഷയ്ക്ക് (2004,05,06 Admns) (ത്രിവത്സരം),(2002,03,04, Admns) (പഞ്ചവത്സരം) അഡ്മിഷൻ കാർക്കും അവസരം അനുവദിച്ചിരിക്കുന്നു.പരീക്ഷാ ഫീസിനുപുറമേ 5000/- രൂപ മേഴ്സി ചാൻസ് ഫീസിനത്തിൽ അടയ്ക്കേണ്ടതാണ്. പിഴകൂടാതെ ജൂൺ 13 വരെയും 50 രൂപ പിഴയോടുകൂടി ജൂൺ 16 വരെയും 125 രൂപ പിഴയോടു കൂടി ജൂൺ 18 വരെയും അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത അഡ്മിഷൻകാർക്ക് ഇത് അവസാന അവസരമാണ്.

## കേരള സർവകലാശാല ബി.എ മ്യൂസിക് ഒന്നാം വർഷ ബിരുദ പ്രവേശനം 2018

ഒന്നാം വർഷ ബി.എ. മ്യൂസിക്കിന് പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും 12.06.2018-നകം അതത് കോളേജുകളിൽ സമർപ്പിക്കണം.

അഭിരുചി പരീക്ഷകൾ നീറമൺകര എൻ.എസ്.എസ്. കോളേജിൽ 20.06.2018-നും, കൊല്ലം എസ്. എൻ. വനിതാകോളേജിൽ 21.06.2018-നും തിരുവനന്തപുരം വഴുതയ്ക്കാട് ഗവൺമെന്റ് വനിതാ കോളേജിൽ 22.06.2018-നും നടത്തുന്നതാണ്. 23.06.2018-ന് റാങ്ക് പട്ടിക അതത് കോളേജുകളിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിനെ സമീപിക്കണം. സർവകലാശാലയിലേക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018

### ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയുടെ 2018-19 അദ്ധ്യയന വർഷത്തിലെ ബിരുദ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധപ്പെടുത്തി.

ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും പുനർക്രമീകരിക്കുന്നതിനും പ്രൊഫൈലിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനും ജൂൺ 11 രാവിലെ 10 മണിവരെ സമയം ഉണ്ടായിരിക്കും. മാറ്റങ്ങൾ വരുത്തുന്നവർ പുതിയ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കണം.

ട്രയൽ അലോട്ട്മെന്റ് കഴിഞ്ഞ് വിദ്യാർത്ഥികൾ ഓപ്ഷനുകളിൽ മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്.

ഓൺലൈൻ അപേക്ഷയുടെ അവസാന തീയതി 08.06.2018 ആണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

## ഡ്രൈവർ തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**സർവ്വകലാശാലയുടെ ജനസംഖ്യാ ഗവേഷണ കേന്ദ്രത്തിൽ (പി. ആർ.സി), ഒഴിവുള്ള ഡ്രൈവർ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.വാക് -ഇൻ -ഇന്റർവ്യൂ ജൂൺ 11 10.30 ന് പാളയം സർവ്വകലാശാല ആസ്ഥാനത്ത് നടക്കും. വിജ്ഞാപനവും മെഡിക്കൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും വിശദവിവരങ്ങളും (www.keralauniversity.ac.in) വെബ്സൈറ്റിൽ job notifications എന്ന ലിങ്കിൽ ലഭിക്കും.**



തിരുവനന്തപുരം.
06.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ